# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1532 06.03.2018 ൽ മറുപടിയ്ക്ക്

**<u>വാഹന രജിസ്ട്രേഷന് രണ്ട് തരം നികുതി</u>**

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്. | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹന രജിസ്ട്രേഷന് രണ്ട് തരം നികുതി ഈടാക്കുന്നത് പരിശോധിക്കുമോ ; | (എ) | സംസ്ഥാനത്ത് വാഹന രജിസ്ട്രേഷന് രണ്ടുതരം നികുതി ഈടാക്കുന്നില്ല. |
| (ബി) | ടെമ്പററി രജിസ്ട്രേഷനും പെർമനൻറ് രജിസ്ട്രേഷനും എന്ന പേരിൽ രണ്ടുതരം നികുതി ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | വാഹനം വാങ്ങുന്ന സ്ഥലത്ത് നിന്നും രജിസ്റ്റർ ചെയ്യേണ്ട സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനാണ് താൽകാലിക രജിസ്ട്രേഷൻ ആവശ്യമാകുന്നത്. ഒരു മാസമാണ് ആയതിനുള്ള കാലാവധി. എന്നാൽ ബോഡി നിർമ്മിക്കേണ്ട വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്നതിനുമുമ്പ് ഫീസടച്ച് രസീത് സഹിതം അപേക്ഷിച്ചാൽ പുതുക്കി നൽകുന്നതാണ്. അപേക്ഷകൻ വാഹനം വാങ്ങുന്ന സ്ഥലവും അപേക്ഷകൻ താമസിക്കുന്ന സ്ഥലവും ഒന്നുതന്നെയാണെങ്കിൽ താൽകാലിക രജിസ്ട്രേഷൻ ആവശ്യമില്ല. വാഹനം വാങ്ങുമ്പോൾ ലഭിക്കുന്ന ഫാറം 21-ൽ (സെയിൽസ് സർട്ടിഫിക്കറ്റ്) രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസമാണ് രജിസ്റ്റർ ചെയ്യുമ്പോൾ പരിഗണിക്കുന്നത്. |
| (സി) | വാഹനം പുറത്തിറക്കുന്ന സമയത്തുതന്നെ വാഹനത്തിന്റെ രജിസ്ട്രേഷനും നടത്തിക്കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ട് വ്യക്തമാക്കാമോ ; മുൻകാലങ്ങളിൽ നടപ്പാക്കി വന്നിരുന്ന ഈ രീതി അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; പുതിയ രീതി ഉപഭോക്താവിനെ കൊള്ളയടിക്കുന്നു എന്ന പരാതി പരിശോധിക്കുമോ? | (സി) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 44 പ്രകാരമാണ് സംസ്ഥാനത്ത് വാഹന രജിസ്ട്രേഷൻ നടത്തുന്നത്. നിർദ്ദിഷ്ട കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിൽ വാഹനം ഷോറൂമിൽ നിന്നും വിൽപ്പന നടത്തി പുറത്തിറക്കുന്ന ദിവസം തന്നെ വാഹനത്തിന്റെ രജിസ്ട്രേഷനും നടത്തിക്കൊടുക്കുന്ന സംവിധാനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ